# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3603 20.10.2016 ൽ മറുപടിക്ക്**

## പൊതുമരാമത്ത് റോഡുകളുടെ പരിപാലനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകളുടെ പരിപാലനച്ചുമതല നിലവിൽ നിർവഹിക്കുന്നതാരാണെന്ന് വ്യക്തമാക്കാമോ; റോഡുകളുടെ അറ്റകുറ്റപ്പണികൾ കണ്ടെത്തുന്നതിനും അവ യഥാസമയം പരിഹരിക്കുന്നതിനും കൃത്യമായ ഇടവേളകളിൽ ഇവർ പരിശോധന നടത്താറുണ്ടോ; | എ) & ബി) പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിലുള്ള റോഡുകളുടെ പരിപാലന ചുമതല പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം എക്സി. എഞ്ചിനീയർമാർക്കാണ്. റോഡുകളുടെ അറ്റകുറ്റപണികൾ കണ്ടെത്തുന്നതിനും അവ യഥാസമയം പരിഹരിക്കുന്നതിനും എക്സി. എഞ്ചിനീയർമാരും കൂടാതെ എക്സി. എഞ്ചിനീയർമാർക്ക് കീഴിലുള്ള അതാത് റോഡിന്റെ അസി. എക്സി. എഞ്ചിനീയർമാരും, അസി. എഞ്ചിനീയർമാരും, ഓവർസിയർമാരും പരിശോധന നടത്താറുണ്ട്. |
| ബി) പ്രസ്തുത ഉദ്യോഗസ്ഥർ നടത്തുന്ന പരിശോധനകളുടെയും കണ്ടെത്തുന്ന അറ്റകുറ്റപ്പണികളുടെയും വിവരം രേഖപ്പെടുത്തുന്നതിന് ഏതു രീതിയിലെ സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | നിലവിൽ അറ്റകുറ്റപണികൾ ചെയ്യുന്നതിനും അടിയന്തിര സ്വഭാവമുള്ള പ്രവൃത്തികൾ ചെയ്യുന്നതിനും എക്സി. എഞ്ചിനീയറുടെ കീഴിൽ ഡിസ്ട്രിക്ട് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. റോഡ് പരിശോധന നടത്തിയശേഷം അസി. എഞ്ചിനീയർ / അസി. എക്സി. എഞ്ചിനീയർ മുഖേന |

നൽകുന്ന റിപ്പോർട്ടുകൾ ഈ ഡിസ്ട്രിക്ട് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റി പരിശോധിച്ച് ശുപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റി പരിഗണിച്ച് നോൺ പ്ലാൻ ഫണ്ടിൽ നിന്നും ഭരണാനുമതി നൽകി നടപ്പിലാക്കി വരുന്നുണ്ട്.

പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിൻ കീഴിൽ എക്സി. എഞ്ചിനീയർ മേധാവി ആയിട്ടുള്ള ഡിവിഷൻ ഓഫീസുകൾക്കും, അസി. എക്സി. എഞ്ചിനീയർ മേധാവി ആയിട്ടുള്ള സബ് ഡിവിഷൻ ഓഫീസുകൾക്കുമാണ് ദേശീയപാതയുടെ പരിപാലന ചുമതല നൽകിയിട്ടുള്ളത്. ഇതിൽ സബ് ഡിവിഷന്റെ കീഴിലുള്ള അസി. എഞ്ചിനീയർമാരും, ഓവർസിയർ മാരും അവരുടെ അധികാര പരിധിയിൽ വരുന്ന റോഡുകൾ കൃത്യമായ ഇടവേളകളിൽ പരിശോധന നടത്താറുണ്ട്. പ്രസ്തുത പരിശോധനയിൽ ഏതെങ്കിലും രീതിയിലുള്ള അറ്റകുറ്റപണികൾ വേണ്ടി വരുന്നെങ്കിൽ ആയതിന്റെ വിവരം എസ്റ്റിമേറ്റിനോടൊപ്പം ധരിപ്പിക്കേണ്ടതുമുണ്ട്.

കെ എസ് ടി പി പദ്ധതിയിലുള്ള റോഡുകളുടെ പരിപാലന ചുമതല അതാത് സ്ഥലങ്ങളിലെ എക്സി. എഞ്ചിനീയർമാർക്ക് ആണ്. ഇവരുടെ കീഴിലുള്ള റോഡുകൾ കൃത്യമായ ഇടവേളകളിൽ നേരിട്ട് പരിശോധിച്ച് യഥാസമയം അറ്റകുറ്റപണികൾ നടത്തി റോഡുകൾ

| | |
|---|---|
| | സഞ്ചാരയോഗ്യമാക്കി പരിപാലിക്കുന്നുണ്ട്. പരിശോധന റിപ്പോർട്ട് യഥാസമയം ചീഫ് എഞ്ചിനീയർക്ക് നൽകുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകി യഥാസമയം റോഡ് സഞ്ചാരയോഗ്യമാക്കി പരിപാലിക്കുന്നുണ്ട്. |
| സി) ഇത്തരത്തിൽ പരിശോധന നടത്താത്തതും യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതുമായ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ച് വരുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ? | (സി) പൊതുമരാമത്ത് വകുപ്പിൻകീഴിലുള്ള റോഡുകളിൽ നിലവിൽ പരിശോധന നടത്താത്തതിനും യഥാസമയം അറ്റകുറ്റപണികൾ നടത്താത്തതിനും ശിക്ഷണ നടപടികൾ എടുക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. ഇത്തരം സാഹചര്യം ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കും. കൂടാതെ റോഡിന്റെ പരിപാലനത്തിനും റോഡിലൂടെയുള്ള ഗതാഗതത്തിനും തടസ്സം സൃഷ്ടിക്കുന്ന തരത്തിലുള്ള സംഗതികൾ ശ്രദ്ധയിൽപ്പെട്ടാൽ യഥാസമയം നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥന്റെമേൽ നടപടി സ്വീകരിക്കുന്നതിന് നിഷ്കർഷിച്ചു-കൊണ്ട് 03.09.2016ലെ സ.ഉ(കൈ) നം.63/16/പൊ.മ.വ പ്രകാരം ഉത്തരവായിട്ടുണ്ട് |

സെക്ഷൻ ഓഫീസർ